## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 569

09.02.2016 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

### ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

ചോദ്യം
ശ്രീ. റോഷി അഗസ്റ്റിൻ.

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) : ഇടുക്കി ജില്ലയിൽ കെ.എസ്.ഐ.ഡി.സി. ഒരു ഫീഡർ വിമാനത്താവളം സ്ഥാപിക്കുന്നതിനു വേണ്ടി സാങ്കേതിക-സാമ്പത്തിക സാധ്യതപഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തുവാൻ ന്യൂഡൽഹിയിലെ ഐ.എഫ്.സിഐ. -യെ ചുമതലപ്പെടുത്തി. ഈ പദ്ധതിക്കു വേണ്ടി 37,99,577/- രൂപ ചെലവായി. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ച അവസരത്തിൽ സ്ഥലവാസികളുടെ പ്രക്ഷോഭം കാരണം സാധ്യതാ പഠനം പൂർത്തീകരിക്കുവാൻ സാധിച്ചില്ല.<br>ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴി പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി, എന്റെ ഗ്രാമം, എസ്. ടി. പൂൾ ഫണ്ട് എന്നിവ നടപ്പിലാക്കി. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്നു ഇനം തിരിച്ച് വെളിപ്പെടുത്താമോ ; | ഖാദി ഗ്രാമ വ്യവസായ ബോർഡ് ഇടുക്കി നിയോജക മണ്ഡലത്തിൽ പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 20 വ്യവസായ യൂണിറ്റുകൾക്കായി 27.57 ലക്ഷം രൂപ മാർജിൻ മണിയായി |

അനുവദിച്ചു. എന്റെ ഗ്രാമം പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്കായി 10,11,870/- രൂപ സബ്സിഡി അനുവദിച്ചു. കൂടാതെ എസ്. ടി പൂൾ ഫണ്ടിൽ നിന്നും ലഭിച്ച 10,35,400/- രൂപ ഉപയോഗിച്ച് 16 തറികൾ സ്ഥാപിച്ച് 16 വനിതകൾക്ക് നെയ്ത്ത് പരിശീലനവും നൽകി. പുതിയ സംരംഭങ്ങളുടെ രജിസ്ട്രേഷൻ പദ്ധതി പ്രകാരം 312 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. മൊത്തം 2563.69 ലക്ഷം രൂപയുടെ നിക്ഷേപവും 1100 തൊഴിലവസരവും ഉണ്ടാക്കി. സംരംഭകത്വ സഹായ പദ്ധതി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകി. ഇൻറൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം, നൈപുണ്യ വികസന പരിപാടി എന്നീ പദ്ധതികൾ പ്രകാരം സംരംഭകർക്ക് നിക്ഷേപക സംഗമം, വ്യവസായ വികസന സെമിനാർ, ഭക്ഷ്യ സംസ്കരണ പരിശീലനം എന്നിവ സംഘടിപ്പിച്ചു.

കൈത്തറി മേഖലയുടെ വികസനത്തിനായി ഉൽപ്പന്ന പ്രദർശന മേള, ഇൻകം സപ്പോർട്ട് പദ്ധതി, അംശദാന മിതവ്യയ പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് നൈപുണ്യ വികസന പരിപാടി, കൈത്തറി നെയ്ത്ത് സംഘം ഷെഡ് നവീകരണം, എസ്.സി. ഷെഡ്, എക്സിബിഷൻ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചു. വനിത വ്യവസായ പദ്ധതി പ്രകാരം മാർജിൻ മണി ഗ്രാന്റും അനുവദിച്ചു. പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 29 യൂണിറ്റുകൾക്കായി 37.8 ലക്ഷം രൂപ വിതരണം ചെയ്തു.

| | | |
|---|---|---|
| | | പദ്ധതികൾക്ക് വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറിയും ടെക്സ്റ്റയിൽസും ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) : കൈത്തറി നെയ്ത്ത് സഹകരണ സംഘം ഷെഡ് നവീകരണം - 51,000/-രൂപ. |

സെക്ഷൻ ഓഫീസർ.

ജക/19/02

## അനുബന്ധം

### പദ്ധതികൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 1 | സംരംഭകത്വ സഹായ പദ്ധതി | 5,70,50,561 | 5,70,50,561 |
| 2 | ഇൻറൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം | 3,79,500 | 3,79,500 |
| 3 | നൈപുണ്യ വികസന പരിപാടി | 7,91,500 | 7,84,317 |
| 4 | വനിത വ്യവസായ പദ്ധതി | 1,08,000 | 1,08,000 |
| 5 | ഉത്പന്ന പ്രദർശന വിപണന മേള | 5,79,360 | 5,79,360 |
| 6 | അംശദാന മിതവ്യയ പദ്ധതി | 90000 | 58293 |
| 7 | ഇൻകം സപ്പോർട്ട് സ്കീം | 6,70,000 | 6,66,283 |
| 8 | കൈത്തറി നെയ്ത്തുകാർക്ക് നൈപുണ്യ വികസന പരിപാടി | 7,30,000 | 7,30,000 |
| 9 | ഷെഡ് നവീകരണം | 51000 | |
| 10 | എക്സിബിഷൻ ഗ്രാന്റ് | 12345 | 12345 |

സെക്ഷൻ ഓഫീസർ